പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 448 07.01.2014 -ൽ മറുപടിക്ക്

ചാത്തന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ പ്രവർത്തനം

ചോദ്യം ഉത്തരം

ശ്രീ. ജി.എസ്. ജയലാൽ :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും
സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ചാത്തന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്ന് ഓർഡിനറി / ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾ മുഖേന എത്ര ഷെഡ്യൂളുകളാണ് ഓപ്പറേറ്റ് ചെയ്തിരുന്നതെന്നും ഇതിലേയ്ക്കായി എത്ര ബസ്സുകൾ അനുവദിച്ചിരുന്നുവെന്നും അറിയിക്കാമോ; | (എ) | കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 40 ഓർഡിനറി സർവ്വീസും, 11 ഫാസ്റ്റ് പാസഞ്ചർ സർവ്വീസും ഉൾപ്പടെ 51 ഷെഡ്യൂളുകളാണ് ചാത്തന്നൂർ ഡിപ്പോയിൽ നിന്നും ഓപ്പറേറ്റ് ചെയ്യുന്നതിന് അനുവാദം നൽകിയിരുന്നത്. ഇതിലേക്കായി 56 ബസ്സുകൾ അനുവദിച്ചിരുന്നു. |
| (ബി) | ഈ ഡിപ്പോയിൽ നിലവിൽ എത്ര ഷെഡ്യൂളുകൾ ഓർഡിനറി/ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾ മുഖേന ഓപ്പറേറ്റ് ചെയ്യുന്നുവെന്നും ഈ ആവശ്യത്തിലേയ്ക്കായി എത്ര ബസ്സുകൾ അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ; | (ബി) | ഇപ്പോൾ 40 ഓർഡിനറി സർവ്വീസും, 13 ഫാസ്റ്റ് പാസഞ്ചറും ഉൾപ്പടെ 53 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നതിനാണ് അനുവാദം നൽകിയിട്ടുള്ളത്. ഇതിലേക്കായി 59 ബസ്സുകൾ അനുവദിച്ചിട്ടുണ്ട്. |
| (സി) | ഏതെങ്കിലും ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നത് അവസാനിപ്പിച്ചിട്ടുണ്ടെങ്കിൽ ആയത് പുനഃപരിശോധിക്കുവാൻ സന്നദ്ധമാകുമോ ; വിശദാംശം അറിയിക്കുമോ? | (സി) | 12.45 - കൊട്ടിയം സർവ്വീസ് - വരുമാനം കുറവായതിനെതുടർന്ന് താൽക്കാലികമായി നിർത്തലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ